"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹു.കേരളഹൈക്കോടതിയിൽ M/s.Kunchithanny Labour Contract Co-Operative Society Ltd.(KLCCS), ഫയൽ ചെയ്ത WP(C)No.562/2026 നമ്പർ കേസിന്റെ 08/01/2026 ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (G) വകുപ്പ്**

സ.ഉ.(സാധാ) നം.589/2026/PWD തീയതി,തിരുവനന്തപുരം, 23-05-2026

---

പരാമർശം:-

1. സെക്രട്ടറി ,M/s.Kunchithanny Labour Contract Co-Operative Society Ltd.(KLCCS), സമർപ്പിച്ച 24/05/2025 ലെ അപേക്ഷ
2. ബഹു.കേരളഹൈക്കോടതിയിൽ M/s.Kunchithanny Labour Contract Co-Operative Society Ltd.(KLCCS), ഫയൽ ചെയ്ത WP(C)No.562/2026 നമ്പർ കേസിന്റെ 08/01/2026 ലെ വിധിന്യായം.
3. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 25.04.2026,11/05/2026 തീയതികളിലെ CEPWD/7144/2024-C5(W)-RD നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ബഹു.കേരളഹൈക്കോടതിയിൽ M/s.Kunchithanny Labour Contract Co-Operative Society Ltd.(KLCCS), "GENERAL SF 2021-22-SPFT-Improvements to SD's Bunglow Periya Canal Factory Turnoff Road Canal Factory Turnoff Road Km0/000to 3/100 General Civil Work" എന്ന പ്രവൃത്തിയിൽ നിന്ന് റിസ്ക് ആൻഡ് കോസ്റ്റിൽ ഒഴിവാക്കിയതിനെതിരെയും മറ്റൊരു പ്രവൃത്തിയുടെ ബിൽ തുക ലഭിക്കാത്തതിനെതിരെയും ഫയൽ ചെയ്ത WP(C)No.562/2026 നമ്പർ കേസിന്റെ 08/01/2026 ലെ വിധിന്യായം താഴെ പറയും പ്രകാരമാണ്:-

"The Ist respondent shall take up Ext. P6 and appropriate orders thereon shall be passed, in accordance with law, after giving an opportunity for being heard, within a period of three months from the date of receipt of a copy of this judgment. Until such a decision is taken, no coercive proceedings based on Ext.P5 and Ext P7 shall be initiated against the petitioner."

മേല്പറഞ്ഞ എക്സിബിറ്റുകൾ ചുവടെ ചേർക്കുന്നു.

Ext P6 - "GENERAL SF 2021-22-Improvements to SD's Bunglow Periya Canal Factory

Turnoff Road Canal Factory Turnoff Road Km0/000to 3/100 General Civil Work" എന്ന പ്രവൃത്തിയിൽ നിന്ന് റിസ്ക് ആൻഡ് കോസ്റ്റിൽ ഒഴിവാക്കിയ നടപടിക്രമം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച നിവേദനം.

Ext P5 - മേൽ പ്രവൃത്തിയിൽ നിന്നും risk & cost ൽ terminate ചെയ്ത സൂപ്രണ്ടിങ് എഞ്ചിനീയറുടെ 31.01.2025 ലെ നടപടിക്രമം.

Ext P7 -society പൂർത്തീകരിച്ച മറ്റൊരു പ്രവൃത്തിയുടെ തടഞ്ഞുവച്ചിരിക്കുന്ന ബില്ലിന്റെ പകർപ്പ്.

2. ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 12/05/2026 തീയതിയിൽ ഹിയറിങ് നടത്തി. KLCCSനെ പ്രതിനിധീകരിച്ച് അഡ്വ. ജോഗി മാത്തുണ്ണി ഹാജരായി. ശ്രീമതി ബിജി പി.വി,സൂപ്രണ്ടിംഗ് എഞ്ചിനീയർ, Central Circle, Aluva), ശ്രീ.പ്രസാദ്സി.കെ (എക്സിക്യൂട്ടീവ് എഞ്ചിനീയർ), ശ്രീമതി ലതിക (അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ ആഫീസ്, തിരുവനന്തപുരം), ശ്രീമതി മായറാണി.R, (അസിസ്റ്റൻറ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ ആഫീസ്, തിരുവനന്തപുരം), എന്നിവരും പങ്കെടുത്തു.

3. സൊസൈറ്റിയുടെ സാമ്പത്തിക സ്ഥിതി വളരെ മോശമാണെന്നും risk and cost ൽ terminate ചെയ്ത നടപടി പുനഃപരിശോധിച്ചില്ലെങ്കിൽ സ്ഥാപനം wind up ചെയ്യുകയല്ലാതെ മറ്റുമാർഗ്ഗമില്ലെന്നും അതിനാൽ മേൽ വിഷയം മാനുഷിക പരിഗണന നൽകി പരിഗണിക്കണമെന്ന് ഹിയറിംഗ് വേളയിൽ ഹർജികക്ഷി അറിയിച്ചു.

4.പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ചുവടെ പറയും പ്രകാരമാണ്.

പ്രസ്തുത പ്രവൃത്തിക്ക് 30-10-2021 തീയതിയിലെ GO(Rt) No 962/2021/PWD സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിക്കുകയും 04.01.2022 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും പ്രവർത്തിയിടം 27.04.2022 തീയതിയിൽ 6 മാസം പൂർത്തീകരണ കാലാവധിയോടെ കൈമാറുകയും ചെയ്തതാണ്. ആദ്യഘട്ടത്തിൽ പാതയുടെ വീതി കൂട്ടൽ പ്രവൃത്തികളും പാതയുടെ വശങ്ങൾ ഇടിഞ്ഞുപോയ ഭാഗങ്ങളിൽ സംരക്ഷണ ഭിത്തികളുടെ നിർമ്മാണ പ്രവൃത്തികളും തുടങ്ങിവെച്ചു. എന്നാൽ പ്രതികൂല കാലാവസ്ഥ മൂലം പ്രവൃത്തി പൂർത്തീകരണ കാലാവധി (TOC-1) 25.01.2023 വരെ പിഴ കൂടാതെ നീട്ടി നൽകി. ഈ കാലയളവിൽ Ch 1/600 മുതൽ 3/100 വരെയുള്ള ഭാഗത്തെ Earth work, GSB, WMM, Widening ജോലികൾ പൂർത്തീകരിച്ചു. എന്നാൽ പ്രസ്തുത പാതയിൽ ചിന്നക്കനാൽ Power House മുതൽ Cub Mahindra വരെയുള്ള CH 0/000 മുതൽ 1/200 വരെ ടാറ്റ കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡ് കമ്പനി ഭൂമിയുമായി ബന്ധപ്പെട്ട് അതിർത്തി തർക്കങ്ങൾ നിലനിന്നിരുന്നതിനാലും CH 1/370 മുതൽ 1/480 വരെയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങൾ അടക്കമുള്ള കെട്ടിടങ്ങൾ റോഡിലോട്ട് ഇറക്കി നിർമ്മാണ

പ്രവർത്തനങ്ങൾ നടത്തിയതിനാലും ടി ചെയ്നേജുകളിൽ പൊതുമരാമത്ത് വകുപ്പ് റോഡിന്റെ അതിർത്തി നിർണയിച്ചു ലഭിക്കേണ്ടത് അനിവാര്യമായിരുന്നു. ആയതിനാൽ അതിർത്തി നിർണയിച്ച് നൽകുവാൻ ആവശ്യപ്പെട്ട് 04.08.2022, 17.01.2023 എന്നീ തീയതികളിൽ തഹസിൽദാർ ഉടുമ്പൻചോലയ്ക്ക് അസിസ്റ്റന്റ് എക്സികൂട്ടിവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും, 01.11.2022 തീയതിയിൽ താലൂക്ക് സർവ്വെയർ ഉടുമ്പൻചോലയ്ക്ക് അസിസ്റ്റന്റ് എൻജിനിയറുടെ കാര്യാലയത്തിൽ നിന്നും കത്തുകൾ നൽകുകയുണ്ടായി. ആയതിനാൽ ടി ഭാഗത്ത് വീതി കൂട്ടുന്നതിനോ കലുങ്കകളുടേയും സംരക്ഷണ ഭിത്തികളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കാനോ കഴിയാത്ത സാഹചര്യമായിരുന്നു. ആയതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി (TOC-2) പിഴ കൂടാതെ 25.04.2023 വരെ ദീർഘിപ്പിച്ചു നൽകി. എന്നാൽ 22.03.2023 നാണ് അതിർത്തി നിർണയിച്ച് ലഭിച്ചത്. എങ്കിലും ആവശ്യമായ വീതിയിൽ Widening ചെയ്യാനും സംരക്ഷണ ഭിത്തികളുടെ പൂർത്തീകരണവും കലുങ്കകളുടെ നിർമ്മാണവും കാലയളവിൽ ചെയ്ത് തീർക്കാൻ സാധിക്കാത്തതിനാലും പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി (TOC-3) 25.07.2023 വരെ പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകി. ഈ കാലയളവിൽ 0/000 മുതൽ 1/600 വരെയുള്ള ചെയ്നേജുകളിലെ സംരക്ഷണ ഭിത്തികളും കലുങ്ക് വീതി കൂട്ടൽ പ്രവൃത്തികളും 80% ത്തോളം പൂർത്തീകരിച്ചു. 1/600 മുതൽ 3/100 വരെയുള്ള ചെയ്നേജുകളിൽ GSB & Wet mix ഇട്ട് തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. 21/09/23 ൽ പ്രവർത്തിയുടെ മെല്ലെപ്പോക്ക് സംബന്ധിച്ച് കരാറുകാരന് കത്ത് നൽകിയിരുന്നു. പ്രവൃത്തി ദീർഘിപ്പിച്ച് നൽകിയ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനായി കരാറുകാരന്റെ ഭാഗത്ത് നിന്ന് ആത്മാർത്ഥ ശ്രമങ്ങൾ നടത്താത്തതിനാൽ പ്രവൃത്തിയുടെ പൂർത്തികരണ കാലാവധി (TOC-4) liquidated damages കൂടി ഉൾപ്പെടുത്തി പിഴയോട് കൂടി 25.10.2023 വരെ ദീർഘിപ്പിച്ചു നൽകി. എന്നാൽ ഈ പ്രദേശത്ത് ശക്തമായ മഴ നിന്നിരുന്നതിനാൽ പ്രവൃത്തിയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി (TOC - 5) 24.01.2024 വരെ പിഴ കൂടാതെ നീട്ടി നൽകി 30.12.2023 ന് പഞ്ചായത്തിൽ നിന്നും 14.01.2024 ന് പരിസര വാസികളിൽ നിന്നും റോഡിന്റെ പ്രവൃത്തിയുടെ മന്ദഗതിക്കെതിരെ കത്തുകൾ നൽകിയിട്ടും കരാറുകാരുടെ ഭാഗത്ത് നിന്നും യാതൊരുവിധ പുരോഗതിയും ഇല്ലാത്തതിനാൽ 25.04.2024 വരെ പ്രവൃത്തിയുടെ പൂർത്തികരണ കാലാവധി (TOC-6) പിഴയോട് കൂടി നീട്ടി നൽകി. ഈ കാലയളവിൽ 1/600 മുതൽ 3/100 വരെയുള്ള ചെയ്നേജുകളിൽ BM പ്രവൃത്തികൾ പൂർത്തീകരിച്ചു. എന്നാൽ 0/000 മുതൽ 1/600 വരെയുള്ള ചെയ്നേജുകളിൽ കാര്യമായ പുരോഗതി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി പിഴയോട് കൂടി 25.07.2024 വരെ (TOC 7) നീട്ടി നൽകി. ഈ കാലയളവിൽ 0/000 മുതൽ 1/600 വരെയുള്ള ചെയ്നേജുകളിൽ GSB & WET MIX ഇടാനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നാൽ 25/07/2024 തീയിതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി (TOC 8) പിഴയോട് കൂടി 25.10.2024 വരെ നീട്ടി നൽകി. എന്നാൽ ഈ കാലയളവിൽ യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. പൂർത്തീകരണ കാലാവധി പിഴയോട് കൂടി പുതുക്കിയതിനെതിരെ കരാറുകാരൻ WPC 18586/2024 ഫയൽ ചെയ്തു. ടി കേസിന്റെ ഹൈക്കോടതി വിധി പ്രകാരം 15.10.2024 തീയതിയിൽ ചീഫ് എഞ്ചിനിയർ, സൂപ്രണ്ടിംഗ് എഞ്ചിനിയർ, സെൻട്രൽ സർക്കിൾ ആലുവ, കോൺട്രാക്ടറുടെ പ്രതിനിധി, എക്സികൂട്ടിവ് എഞ്ചിനീയർ ഇടുക്കി, അസിസ്റ്റൻറ് എക്സികൂട്ടിവ് എഞ്ചിനീയർ നെടുങ്കണ്ടം

എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഗൂഗിൾ മീറ്റ് വഴി മീറ്റിംഗ് കൂടുകയും 31.12.2024 വരെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. 30.10.2024-നോ അതിന് മുൻപോ പ്രവൃത്തി Re start ചെയ്യണമെന്നും 15.11.2024-ന് മുൻപ് പ്രവൃത്തി Re-start ചെയ്തില്ലെങ്കിൽ Risk and Cost ൽ Terminate ചെയ്യാമെന്നും ഈ മീറ്റിംഗിൽ തീരുമാനിച്ചു. മീറ്റിംഗ് കൂടി കഴിഞ്ഞതിനു ശേഷമുള്ള കാലയളവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നെടുങ്കണ്ടം കാര്യാലയത്തിൽ നിന്നും ഇടുക്കി ഡിവിഷൻ കാര്യാലയത്തിൽ നിന്നും പ്രവൃത്തി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരന് നിരന്തരം കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരന്റെ ഭാഗത്ത് നിന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കൂടാതെ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ കരാറുകാരന്റെ ഭാഗത്ത് നിന്നും ഉദാസീന സമീപനമാണ് ഉണ്ടായത്. പ്രവൃത്തി അതിവേഗം പൂർത്തിയാക്കണമെന്ന് കാണിച്ച് കൊണ്ട് 22.11.2024 തീയതിയിൽ ഇടുക്കി ഡിവിഷൻ കാര്യാലയത്തിൽ നിന്നും കരാറുകാരന് കത്ത് നൽകിയെങ്കിലും ടി വിഷയത്തിൽ കരാറുകാരൻ പ്രസ്തുത കാര്യാലയവുമായി ബന്ധപ്പെടുകയോ പ്രവൃത്തി പുനരാരംഭിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പുനരാരംഭിക്കുന്നതിൽ കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. ആയതിനെ തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കണമെന്ന് ഇടുക്കി ഡിവിഷൻ കാര്യാലയത്തിൽ നിന്നും ശുപാർശ ചെയ്യുകയും, ടി ശുപർശയിന്മേൽ 30.01.2025 ൽ കരാറുകാരനെ കേൾക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വെച്ച് യോഗം കൂടുകയുണ്ടായി. വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടിലായതുകൊണ്ട് പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയില്ലെന്ന് M/s. Kunchithanni Labour Contract Co-operative Society ഭാരവാഹികൾ അറിയിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം പ്രവൃത്തി പുനരാംഭിക്കുന്നതിന് കരാറുകാരന് സാധിക്കാത്തത് മൂലം പ്രവൃത്തി ഇനിയും നീട്ടി വക്കാൻ സാധിക്കില്ലെന്നും കരാറുകാരന്റെ നഷ്ടാത്തരവാദിത്വത്തിൽ ഒഴിവാക്കി പ്രവൃത്തി പുന: ക്രമീകരിക്കുന്നതിനായി യോഗത്തിൽ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കിയിട്ടുള്ളതുമാണ്.

നിലവിൽ ടി സൊസൈറ്റിയുടെ സാമ്പത്തിക സ്ഥിതിയിൽ മാറ്റം വരാത്തതിനാലും കരാറുകാരന് അധിക സമയം പലപ്പോഴായി അനുവദിച്ച് നല്കിയതിനാലും ഇനിയും അധിക സമയം അനുവദിച്ച് നല്കാൻ കഴിയില്ലത്തതിനാലും ടി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ല എന്ന് മനസിലാക്കുന്നതിനാൽ terminate ചെയ്ത നടപടി പുന പരിശോധിക്കേണ്ടതില്ല എന്ന് ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 തവണ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. പ്രവൃത്തിയിൽ കാര്യമായ പുരോഗതി ഉണ്ടാകാതിരുന്നത് പ്രദേശവാസികളുടെ പ്രതിഷേധത്തിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിനായി നിരന്തരം കത്ത് നൽകുകയും, യോഗങ്ങൾ ചേരുകയും ചെയ്യുകയും കരാറുകാരന് പലതവണ നോട്ടീസ് നൽകുകയും ഹിയറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. 30.01.2025-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ചേർന്ന യോഗത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ആണ് പ്രവൃത്തി നടത്തിക്കൊണ്ട് പോകാൻ സാധിക്കാത്തത് എന്ന് കരാറുകാരൻ അറിയിച്ചതിനെ തുടർന്ന്, പ്രവൃത്തി ഇനിയും നീട്ടിക്കൊണ്ട് പോകാൻ സാധിക്കാത്തതിനാൽ PWD Manual 2116.2 പ്രകാരം കരാറുകാരനെ

നഷ്ടോത്തരവാദിത്തത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 31.01.2025 തീയതിയിലെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ terminate ചെയ്യുകയുണ്ടായി. മേൽ സാഹചര്യത്തിൽ, PWD മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കിയ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടി പുന:പരിശോധിക്കേണ്ടതില്ല. അപ്രകാരം , പരാമർശം 1 അപേക്ഷ(ExtP6) നിരസിച്ച് തീർപ്പാക്കിക്കൊണ്ട്, ബഹു.കേരളഹൈക്കോടതിയിൽ M/s.Kunchithanny Labour Contract Co-operative Society Ltd.ഫയൽ ചെയ്ത WP(C) No.562/2026 നമ്പർ കേസിന്റെ 08/01/2026 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUJITHA KUMARI S S
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:-

M/s. KUNCHITHANNY LABOUR CONTRACT CO-OPERATIVE SOCIETY LTD. NO. I-197, KUNCHITHANNY P.O., KUNCHITHANNY, IDUKKI DISTRICT - REPRESENTED BY ITS SECRETARY., PIN - 685565
അഡ്വക്കേറ്റ് ജനറൽ (WITH C/L)
ചീഫ് എൻജിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സെൻട്രൽ സർക്കിൾ, ആലുവ.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, ഇടുക്കി.
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Savitha o.d
സെക്ഷൻ ഓഫീസർ
Date: 23-05-2026 13:33:54